"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂരിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ശ്രീ. മഹേഷ് കുമാർ എസ്, നിർമ്മല ഭവൻ മന്ദിരത്തിനെ , ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2995/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം1946/20219-തസ്വഭവ തീയതി 06/09/2019

2. ബഹു. കേരള ഹൈകോടതിയുടെ ഡബ്ല്യുപി(സി) നം5296/2023 കേസിലെ 19/10/2023 ലെ വിധിന്യായം

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/08/2025 ലെ എൽ എം32/കേസ്/2019/ ലൈഫ് നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ കണ്ണദാസൻ ജെ മുതൽ 12 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചക്ലിയ/അരുദ്ധതിയാർ സമുദായാംഗങ്ങളായ തങ്ങൾക്ക് ലൈഫ് ഭവന പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 2020-ൽ കോട്ടയം ജില്ല പട്ടികജാതി വികസന വകുപ്പ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാരുടെ അപേക്ഷ ലൈഫ് മിഷന് കൈമാറാത്തതിനാൽ ആനുകൂല്യം ലഭിക്കാത്തതിനെ തുടർന്ന് ടിയാളുകൾ ബഹു. ഹൈകോടതി മുമ്പാകെ WP(C) 5296/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു.

ബഹു. ഹൈകോടതി, ഹർജ്ജികക്ഷികളെ നേരിൽ കേൾക്കുകയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഹർജ്ജികക്ഷികൾ അർഹരാണോ എന്നതു പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ കോട്ടയം ജില്ല പട്ടികജാതി വികസന വകുപ്പ് ഓഫീസറെ ചുമതലപ്പെടുത്തി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഹർജ്ജി കക്ഷികളായ 12 പേരിൽ ശ്രീ. മഹേഷ് കുമാർ എസ്, നിർമ്മല ഭവൻ മന്ദിരം, വിജയപുരം കോട്ടയം (റേഷൻ കാർഡ് നം. 1525114758) മാത്രമാണ് പട്ടികജാതി വകുപ്പിന്റെ ഭൂരഹിത പദ്ധതി മാനദണ്ഡപ്രകാരം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നതിന്

അർഹതയുള്ളതെന്ന കോട്ടയം ജില്ല പട്ടികജാതി വികസന വകുപ്പ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാനെ കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മഹേഷ് കുമാർ എസ്, നിർമ്മല ഭവൻ മന്ദിരം, വിജയപുരം നെ കോട്ടയം ജില്ല വിജയപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂരിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

പട്ടികജാതി വികസന വകുപ്പ് ഓഫീസർ, കോട്ടയം

സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം

ശ്രീ. മഹേഷ് കുമാർ എസ്, നിർമ്മല ഭവൻ മന്ദിരം, വിജയപുരം(സെക്രട്ടറി, വിയ്യാപുരം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 19-12-2025 11:39:39
സെക്ഷൻ ഓഫീസർ